# തസ്വവ്വുഫും വികല വാദങ്ങളും

സിനാൻ കെ.

ഇസ്‌ലാമിന്റെ സൽസരണിക്ക് സമാന്തരമായ ആധ്യാത്മികത അന്വേഷിക്കലാണ് തസ്വവ്വുഫിന്റെ ആകെത്തുക. ശീഇസത്തിന്റെ ഉൽപന്നമായ തസ്വവ്വുഫിൽ അതിന്റെ മാതൃആശയങ്ങളുടെ തിന്മ കളത്രയും പതിയിരിക്കുന്നു. അല്ലാഹുവിലുള്ള വിശ്വാസത്തെ തെറ്റുധരിപ്പിക്കുക, പ്രവാചക ദൗത്യത്തെ വിലകുറച്ചു കാണുക, വിശുദ്ധ ക്വുർആനിൽ ആത്മീയത കണ്ടെത്താതിരിക്കുക, സ്വഹാബത്തിനെയും സലഫിനെയും ചീത്തപറയുകയോ നിന്ദിക്കുകയോ ചെയ്യുക, ഇസ്‌ലാമിന് പരിചയമില്ലാത്ത ആത്മീയവാദങ്ങൾ അവതരിപ്പിക്കുക എന്നിവയൊക്കെ തസ്വവ്വുഫിലും കാണുന്നത് അതുകൊണ്ടാണ്. ഇസ്‌ലാമാകുന്ന ദൈവിക ത്വരീക്വത്തിന് പകരം, പൈശാചിക സ്വഭാവങ്ങളുള്ള അനേകം മാനുഷിക ത്വരീക്വത്തുകളിലൂടെയാണ് തസ്വവ്വുഫ് ജനമനസ്സുകളിലേക്കിറങ്ങുവാൻ ശ്രമിച്ചത്. ത്വരീക്വത്ത് ഇല്ലാത്തവന്റെ ശരീഅത്ത് കാമ്പില്ലാത്ത പഴത്തിന്റെ തൊലിപോലെയാണ് എന്നു വിശേഷിപ്പിച്ചുകൊണ്ട് സ്വൂഫീ ചിന്തകർ മുസ്‌ലിം സമൂഹത്തെ വഴിതെറ്റിച്ചുകൊണ്ടിരുന്നു. തൗഹീദീ ബോധവും വിശ്വാസ ദാർഢ്യവുമുള്ള പൂർവകാല മുസ്‌ലിം പണ്ഡിത പ്രതിഭകൾ തസ്വവ്വുഫിന്റെ തിന്മകൾക്കെതിരിൽ ശക്തമായ പ്രതിരോധങ്ങൾ സൃഷ്ടിച്ചുകൊണ്ട് വഴികേടിലേക്ക് പോകുന്നതിൽ നിന്ന് മുസ്‌ലിം സമൂഹത്തെ തടഞ്ഞിട്ടില്ലായിരുന്നെങ്കിൽ ഇസ്‌ലാമിനു പകരം സ്വൂഫിസം വിശ്വാസികളെ വഴിനടത്തുന്നത് കാണേണ്ടിവരുമായിരുന്നു.

ഇസ്‌ലാമിനോടുള്ള ശത്രുതയാണ് തസ്വവ്വുഫിന്റെ ആന്തരമണ്ഡലം. ക്വുർആനും പ്രവാചകചര്യയും എന്ത് അർഥമാക്കുന്നുവോ അതിന്റെ നേർവിപരീതം കണ്ടെത്തുകയും സ്ഥാപിക്കുകയും ചെയ്യുകയാണ് അതിന്റെ ശൈലി. അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്ന് ക്വുർആൻ പഠിപ്പിച്ചപ്പോൾ, മശായിഖൻമാരെക്കൂടി ആരാധിച്ചേ പറ്റൂ എന്ന് തസ്വവ്വുഫ് ശഠിച്ചു. അല്ലാഹുവിന് മാത്രമാണ് പ്രപഞ്ചത്തിന്റെ നിയന്ത്രണമെന്ന് ക്വുർആൻ പഠിപ്പിച്ചപ്പോൾ, കാറ്റിനെയും മഴയെയും, ജനത്തെയും മരണത്തെയും, ഭാഗ്യത്തെയും, ദൗർഭാഗ്യത്തെയും നിയന്ത്രിക്കുവാൻ മശായിഖൻമാർക്കും ക്വുതുബുകൾക്കും അധികാരവും കഴിവുമുണ്ട് എന്ന് തസ്വവ്വുഫ് ശഠിച്ചു. ഒരു മനുഷ്യന് മനുഷ്യൻ എന്ന പരിധിക്കപ്പുറം കടക്കുവാൻ കഴിയില്ല എന്ന ക്വുർആൻ പഠിപ്പിച്ചപ്പോൾ ത്വരീക്വത്തുകളിലൂടെ മനുഷ്യന് ദൈവത്തോളമെത്തുന്ന വിലായത്ത് പ്രാപിക്കാമെന്നാണ് അത് ഘോഷിച്ചത്.

ക്വുർആന് വിരുദ്ധമായ മേൽപറഞ്ഞതരം ആശയങ്ങൾക്ക് സാധൂകരണം കണ്ടെത്തുവാനായി ക്വുർആൻ ഹദീഥ് പരാമർശങ്ങളെ തസ്വവ്വുഫിന്റെ വക്താക്കൾ വളച്ചൊടിച്ച് ദുർവ്യാഖ്യാനം ചെയ്തു. മനുഷ്യൻ മാനുഷ്യതയിൽ ഊന്നി നിന്നുകൊണ്ട്, ദൈവത്തിന്റെ സൃഷ്ടികൾ എന്ന യാഥാർഥ്യത്തിൽ വർത്തിച്ചുകൊണ്ട്, ജീവിച്ചുമരിച്ചുപോകയും പരലോകത്ത് സുരക്ഷിതമായ ശാശ്വതജീവിതം പ്രാപിക്കയും ചെയ്യുക എന്നതാണ് ഇസ്‌ലാമികമായ വിശ്വാസ ജീവിതത്തിന്റെ ലക്ഷ്യം. എന്നാൽ ഇഹലോകത്തു തന്നെ ദിവ്യത്വവും അത്ഭുതസിദ്ധികളും കരസ്ഥമാക്കി ആൾദൈവങ്ങളായി വികാസം പ്രാപിക്കലാണ് മനുഷ്യന്റെ ലക്ഷ്യമായിരിക്കേണ്ടതെന്നാണ് തസ്വവ്വുഫ് സിദ്ധാന്തിച്ചത്. ത്വരീഖത്തുകളിലൂടെ മനുഷ്യർക്ക് ദൈവത്തോളം വളരുവാൻ കഴിയുമെന്ന് വാദിക്കുന്ന സ്വൂഫിസാഹിത്യങ്ങൾ ഇസ്‌ലാമിക സംസ്കാരത്തിന്റെ അന്ത്യം കൊതിക്കുന്ന പൈശാചിക ദുർബുദ്ധികളിൽ നിന്നുള്ളവയാണ്. മനുഷ്യനെ ദൈവത്തോളം വളർത്തുക എന്നതാണ് തസ്വവ്വുഫിന്റെ ഭാഷയിലെ ഇസ്‌ലാമിന്റെ ലക്ഷ്യമെന്നു വിശദീകരിച്ചുകൊണ്ട് ഒരു ശീഈ ഭക്തൻ എഴുതുന്നു.

മനുഷ്യൻ ഇത്രയേ വളർന്നുകൂടൂ എന്ന വാശിയില്ലതിന്. ദൈവത്തിനു താഴെ എവിടം വരെയും (?) അവനു വളരാം. അതിനുള്ള സാധ്യതകളും പ്രാപ്തികളും അവനിൽ അന്തർലീനമാണ്. ‘‘നാം മിശ്രിതമായ രേതസ്കണത്തിൽ നിന്ന് മനുഷ്യനെ പടച്ച് അവനെ പരീക്ഷിക്കുകയാകുന്നു’’ എന്ന് വിശുദ്ധ ക്വുർആനിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. മനുഷ്യനിൽ വളർച്ചയുടെയും ഉദ്ഗതികളുടെയും വിവിധ സാധ്യതകൾ നിറച്ചിട്ട് അവൻ എങ്ങനെയെല്ലാം എത്രത്തോളമെല്ലാം ആ സാധ്യതകളെ വളർത്തുകയും ഉദ്ഗമിപ്പിക്കുകയും ചെയ്യുന്നുവെന്നതാണീ പരീക്ഷണം. അവന്റെ വളർച്ച അല്ലാഹു കാണാനാഗ്രഹിക്കുന്നു. മേൽപ്പറഞ്ഞ വളർച്ചക്കും ഉദ്ഗ

തിക്കും അവനെ സഹായിക്കുന്ന രണ്ടു ദൈവിക ഗുണങ്ങൾകൂടി അവന് നൽകപ്പെടുന്നുണ്ടെന്ന് പ്രസ്തുത സൂക്തത്തിന്റെ അന്ത്യത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. കേൾവിയും കാഴ്ചയുമാണ് ഗുണങ്ങൾ. കണ്ടും കേട്ടും കൊണ്ടാണല്ലോ മനുഷ്യൻ വളരുന്നത്. സമീഅ്, ബസ്വീർ എന്നീ പദങ്ങളിലൂടെയാണ് ഈ ആശയം ക്വുർആൻ വെളിപ്പെടുത്തിയിരിക്കുന്നത്.

''അല്ലാഹുവിന്റെ അതിമനോഹര നാമങ്ങളായി (അൽ അസ്മാഉൽ ഹുസ്നാ) വിശുദ്ധ ക്വുർആൻ എണ്ണിയകൂട്ടത്തിൽ ഈ രണ്ടു നാമങ്ങളും മനുഷ്യനിൽ വളർച്ചക്കുള്ള അസീമിത സാധ്യതകൾ അന്തർലീനമാക്കി, കാണുക കേൾക്കുക എന്നീ ദൈവിക ഭാവങ്ങൾ കൊള്ളാവുന്ന അളവിൽ അവനു നിറച്ചുകൊടുക്കുകകൂടി ചെയ്തിട്ടാണ് അവനെ പരീക്ഷണ വിധേയനാക്കുന്നതെന്ന ആശയമാണിത് ധ്വനിപ്പിക്കുന്നത്. മനുഷ്യർക്ക് വളർന്ന് ദിവ്യപുരുഷൻമാരാകാനുള്ള പ്രാപ്തികൾ സിദ്ധമാണ് എന്നാണ് ഇത്രയും പറഞ്ഞതിന്റെ സാരം'' (രിസാല വാരിക, 2004 മെയ് 28, പേജ് 8- 9)

മനുഷ്യന് താൻ ഇച്ഛിക്കുന്ന വിധത്തിൽ ദൈവികമായ സിദ്ധികൾ എത്തിപ്പിടിക്കാനുള്ള ഒരു നിഗൂഢശാസ്ത്രം മാത്രമാണ് ഇസ്ലാം എന്ന വീക്ഷണം സൂഫിസത്തിന്റേതു മാത്രമാണ്. ഇസ്ലാമിക പ്രമാണങ്ങൾ അതംഗീകരിക്കുന്നില്ല. വളർച്ചയും ഉദ്ഗതിയും അനന്തമായ സാധ്യതകളായി മനുഷ്യനു മുന്നിൽ നിലനിൽക്കുന്നു എന്ന നിഗൂഢവാദത്തിന് ഇസ്ലാമിന്റെ വ്യക്തമായ വിശ്വാസ മേഖലയുടെ പിൻബലമില്ല. മനുഷ്യന്റെ സാധ്യതകൾ നിർണയിച്ചുകൊണ്ടും എത്രത്തോളമേ മനുഷ്യനു മുന്നോട്ടുപോകാൻ കഴിയൂ എന്നു വ്യക്തമാക്കിക്കൊണ്ടും ക്വുർആൻ-പ്രവാചക അധ്യാപനങ്ങൾ ലഭ്യമാണ്. അനന്തമായ സാധ്യതകളിലൂടെ അനിയന്ത്രിതമായ ഒരുദ്ഗമനം മനുഷ്യന് സാധ്യമെന്ന സിദ്ധാന്തത്തെ ക്വുർആൻ പിന്തുണക്കുന്നില്ല.

ദൈവത്തിനു താഴെ എവിടം വരെയും മനുഷ്യന് എത്താമെന്ന് പറയുമ്പോൾ തസ്വവ്വുഫിന്റെ വക്താക്കൾ അർഥമാക്കുന്നത് ദൈവത്തോളം എത്താമെന്നാണ്. ദൈവത്തിന്റെ കഴിവുകളിൽ ചിലത് മനുഷ്യന് പ്രാപിക്കാമെന്നും ആ കഴിവുകൾ പ്രകടിപ്പിക്കുന്ന മനുഷ്യരെ ദൈവങ്ങൾ തന്നെയായി കാണണമെന്നും പറയുന്നിടത്ത് തസ്വവ്വുഫ് ആൾദൈവ സംസ്കൃതിയുടെ അധമ തത്വ ശാസ്ത്രമായിത്തീരുന്നതു കാണാം. മനുഷ്യനിൽ നിന്ന് അല്ലാഹു കാണാനാഗ്രഹിക്കുന്ന വളർച്ച ദൈവത്തോളമുള്ള വികാസമാണ് എന്ന തത്വശാസ്ത്രത്തിൽ മനുഷ്യദൈവങ്ങളെ ആരാധിക്കുകയും ദൈവത്തെ മനുഷ്യരൂപത്തിലാക്കുകയും ചെയ്യുന്ന പ്രാചീന പേർഷ്യൻ സംസ്കാരത്തിന്റെ സ്വാധീനം വ്യക്തമാണ്. സ്രഷ്ടാവിന്റെ നാമങ്ങൾ, ഗുണങ്ങൾ, പ്രവൃത്തികൾ (അസ്മാഉ്-സ്വിഫാത്ത്-അഫ്ആൽ) എന്നിവയിൽ ഒന്നിൽപോലും മനുഷ്യന് പങ്കാളിത്തമോ ദൈവതുല്യമായ ഗുണഗണങ്ങളോ സാധ്യമല്ലെന്ന ഇസ്ലാമിക ആശയത്തെ നിരാകരിച്ചുകൊണ്ടാണ് തസ്വവ്വുഫ് പല ദൈവിക ഗുണങ്ങളും മനുഷ്യന് പ്രാപിക്കാൻ കഴിയുമെന്ന് സിദ്ധാന്തിച്ചത്.

മുകളിൽ ഉദ്ധരിച്ച സ്വൂഫി ലേഖനത്തിൽ പരാമർശിച്ച സൂറ: അൽഇൻസാനിലെ രണ്ടാംവാക്യത്തിൽ ഉപയോഗിച്ച സമീഅ്-ബസ്വീർ (കേൾവിയുള്ളവൻ, കാഴ്ചയുള്ളവൻ) എന്നീ വിശേഷണങ്ങൾ അല്ലാഹുവിന്റെ ഗുണങ്ങളാണെന്നാണ് സ്വൂഫികൾ പറയുന്നത്. അല്ലാഹുവിന്റെ ഗുണങ്ങളിൽ മനുഷ്യനെ പങ്കാളിയാക്കാനുള്ള വ്യഗ്രതയിൽ പ്രസ്തുത വാക്യത്തിൽ (2/76) ഉപയോഗിച്ച വിശേഷണങ്ങൾ സാമാന്യ അർഥത്തിലുള്ളതാണെന്നും, ദൈവികമായ അർഥത്തിലുള്ളതല്ലെന്നും തസ്വവ്വുഫിന്റെ വക്താക്കൾ വിസ്മരിച്ചു. മനുഷ്യർക്ക് ദൈവത്തിന്റെ ഗുണങ്ങളിൽ ചിലത് പ്രാപിക്കാമെന്നും അങ്ങനെ ദിവ്യപുരുഷൻമാരായിത്തീരാമെന്നും പറയുന്ന തത്വശാസ്ത്രത്തിന്റെ ഇസ്ലാമികത മിഥ്യമാത്രമാണ്. ദൈവികത പ്രാപിക്കുക എന്നതാണ് മനുഷ്യന്റെ വളർച്ചയുടെയും ഉദ്ഗതിയുടെയും ലക്ഷണമെന്നു പറയുന്നിടത്ത് ഇസ്ലാം പുലർത്തുന്ന അനന്യങ്ങളായ പലമൂല്യങ്ങളും തിരസ്കരിക്കപ്പെടുകയാണ് ചെയ്യുന്നത്. ഇതര മതവിശ്വാസങ്ങളിൽ നിന്ന് ഇസ്ലാം വേറിട്ടുനിൽക്കുകയും മനുഷ്യരാശിയുടെ അനന്യമായ മാർഗദർശനമായി ഇസ്ലാം പ്രതിഷ്ഠ നേടുകയും ചെയ്യുന്നതിന്റെ അടിസ്ഥാന കാരണങ്ങളിൽ മുഖ്യമായ ഒന്ന് മനുഷ്യന് മനുഷ്യൻ എന്ന പരിധിക്കപ്പുറം കടന്ന് ദൈവികതയോളം എത്താൻ സാധിക്കില്ല എന്ന അവ്യക്തതയില്ലാത്ത നിലപാടാണ്. ഈ താത്വിക നിലപാടിനെ നിരാകരിച്ചു കൊണ്ടാണ് തസ്വവ്വുഫ് മനുഷ്യബുദ്ധികളെയും ചിന്തകളെയും ദൈവികതയുടെ മായ കാണിച്ച് വ്യാമോഹിപ്പിക്കാൻ ശ്രമിക്കുന്നത്.

നിരവധി ക്വുർആൻ വാക്യങ്ങളെ വികലമായി വ്യാഖ്യാനിച്ച സ്വൂഫികൾ ഇസ്ലാമിന്റെ ചരിത്രത്തിലും സ്വഹാബത്തിന്റെ ജീവിതചിത്രങ്ങളിലും കൃത്രിമത്വം ഉപയോഗിച്ചിട്ടുണ്ട്. തങ്ങളുടെ വികല ജൽപനങ്ങൾക്ക് സാധൂകരണം നൽകാനായി സ്വഹാബത്തിന്റെ ജീവിതത്തെ വികലമായി ചിത്രീകരിക്കുന്ന തസ്വവ്വുഫിന്റെ വക്താക്കൾ പ്രമുഖ സ്വഹാബിമാരെ നിന്ദിക്കുകയും,

അലി (റ)യെപ്പോലെയുള്ള ചില സ്വഹാബികളെ അവരുടെ ജീവിതത്തിന്റെ യഥാർഥ ചിത്രങ്ങൾക്ക് വിരുദ്ധമായി അതിഭാവുകത്വത്തോടെ ചിത്രീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവാചകനാകേണ്ടിയിരുന്നത് അലി (റ)യാണ്. അബൂബക്കർ (റ)വിന്ന് പകരം ഒന്നാം ഖലീഫയാകേണ്ടിയിരുന്നത് അലി (റ)യാണ് എന്ന് തുടങ്ങിയ ശീഈ വാദഗതികളത്രയും തസ്വവ്വുഫിന്റെ ഉള്ളടക്കമായിത്തീർന്നിട്ടുള്ളത് ശ്രദ്ധേയമാണ്. സ്വൂഫികൾ അവരുടെ ആധ്യാത്മിക പൂർവികരുടെ പരമ്പര രേഖപ്പെടുത്തുമ്പോൾ ഒന്നാമത്തെ കണ്ണിയായി എണ്ണുന്നത് അലി (റ)വിനെയാണ്, പ്രവാചകനെയല്ല. ആധ്യാത്മിക നേതൃനിരയിൽ പ്രവാചകന്റെ സ്ഥാനം പരമ്പരക്കും പുറത്താണെന്ന് വിശ്വസിക്കുന്ന തസ്വവ്വുഫിനെയും സ്വൂഫികളെയും 'ഇസ്‌ലാമികം' എന്നു വിശേഷിപ്പിക്കുന്നതിലെ അർഥരാഹിത്യം മനസ്സിലാക്കുവാൻ പ്രയാസമില്ല. എന്നാൽ പ്രവാചകനെ (സ്വ) ബഹിഷ്കരിക്കുന്ന ഏതെങ്കിലും തത്വശാസ്ത്രത്തെ പിന്തുണക്കുന്ന വ്യക്തിത്വമല്ല അലി (റ)വിന്റേത് എന്ന സത്യസന്ധമായ ചരിത്രം നമുക്കു ലഭ്യമായതിനാൽ ശീഈ-സ്വൂഫീ വികൽപങ്ങളെ അവയർഹിക്കുന്ന അവഗണനയോടെ തള്ളിക്കളയുവാൻ സാധിക്കുന്നു.

ഓരോ സ്വഹാബിയെയും അദ്ദേഹത്തിന്റെ സവിശേഷ വ്യക്തിത്വഗുണങ്ങൾ അടിസ്ഥാനമാക്കി പ്രശംസിക്കുന്ന സ്വഭാവം പ്രവാചകന് (സ്വ) ഉണ്ടായിരുന്നു. അബൂബക്കർ (റ)വിനെ വിശ്വാസത്തിന്റെ പേരിലും, ഉമർ (റ)വിനെ ധീരതയുടെ പേരിലും, ഉസ്മാൻ (റ)വിനെ ദാനത്തിന്റെ പേരിലും, അലി(റ)വിനെ ജ്ഞാനത്തിന്റെ പേരിലും പ്രവാചകൻ പ്രശംസിച്ചിട്ടുണ്ട്. എന്നാൽ അലി (റ)വിനെക്കുറിച്ചുള്ള പ്രശംസകൾ മാത്രം ഉയർത്തിക്കാണിച്ച് ശിയാക്കൾ അദ്ദേഹത്തെ പ്രവാചകത്വത്തിനു മുകളിൽ പ്രതിഷ്ഠിക്കാൻ ശ്രമിച്ചു. ഈ ശ്രമങ്ങൾ അതേപടി സ്വൂഫികൾ പിന്തുടർന്നു. അബൂബക്കർ (റ), ഉമർ (റ), ഉസ്മാൻ (റ) എന്നിവർ ഉൾപ്പെടെയുള്ള മറ്റു ചില സ്വഹാബികളെ ആധ്യാത്മികതയുടെ പരമ്പരയിൽ ഉൾപ്പെടുത്താതെയുള്ള തസ്വവ്വുഫിന്റെ പുരാവൃത്തഘടന നൂറുശതമാനം ശീഇസമാണ്. സ്വഹാബത്തിന്റെ വിശുദ്ധ ജീവിതത്തെ സ്വന്തം വികല്പങ്ങൾക്കനുസൃതമായി തസ്വവ്വുഫിന്റെ വക്താക്കൾ വികലമാക്കിയിട്ടുള്ളതിന് നിരവധി തെളിവുകളുണ്ട്.

അസ്ഹാബുസ്വുഫ്ഫ എന്നപേരിൽ അറിയപ്പെട്ട സ്വഹാബികളെ ചുറ്റിപ്പററി തസവ്വുഫിന്റെ വക്താക്കൾ മെനഞ്ഞെടുത്തിട്ടുള്ള കഥകൾ അത്തരത്തിൽ ചിലതാണ്. സ്വൂഫികളുടെ പൂർവിക മാതൃകകളായി അസ്ഹാബുസ്സുഫ്ഫയെ ചിത്രീകരിക്കുന്ന സ്വൂഫീ സാഹിത്യങ്ങളുണ്ട്. രിസാല വാരികയിൽ എഴുതുന്നു: ''നബി(സ്വ)യുടെ കാലഘട്ടത്തിൽ ഇത്തരം നിലപാടെടുത്ത് (സ്വൂഫി രീതിയിൽ) ജീവിച്ച നാനൂറ് മുഹാജിറുകളുണ്ടായിരുന്നു സ്വഹാബികളുടെ കൂട്ടത്തിൽ. അവർക്കാണ് ''സുഫ്ഫ സഹോദരൻമാർ'' അഥവാ ''അസ്ഹാബുസ്സുഫ്ഫാ'' എന്നു പറയുന്നത്. മദീനാപള്ളിയിലെ അന്തേവാസികളായിരുന്ന അവർ നബി (സ്വ) യുടെ സഹവാസം കിട്ടി ഇസ്‌ലാമിൽ ഏതാനും സമയം ജീവിക്കാനവസരമുണ്ടായ ഏതൊരാളും സ്വഹാബി എന്ന പദവിപ്പേരിൽ വിളിക്കപ്പെടാൻ യോഗ്യതയുള്ളയാളാണ്. എന്നാൽ സുഫ്ഫാ സഹോദരസംഘത്തിൽപെട്ടവർ സ്വന്തം മാനസികവും ധാർമികവും ആത്മീയവുമായ വളർച്ചയിൽ സവിശേഷമായ ശ്രദ്ധയും ജാഗ്രതയും പുലർത്തി ആദ്ധ്യാത്മിക വ്യക്തിത്വം കെട്ടിപ്പടുക്കുന്നതിൽ കഠിനമായി പ്രവർത്തിക്കുകയും കൂടി ചെയ്തിരുന്ന ഒരു സവിശേഷ വിഭാഗമാണ്. അറിവിനും ആരാധക്കുംവേണ്ടി മദീനാപള്ളിയുടെ ചെരിവിൽ കെട്ടിമറച്ച ഇരിപ്പിടങ്ങളിൽ സദാ കഴിയുകയായിരുന്നു അവർ. നബി (സ്വ)യുടെ കാലഘട്ടത്തിലെ സ്വൂഫികളായിരുന്നു അവരെന്നും, സ്വൂഫീ എന്ന പദത്തിന്റെ നിഷ്പത്തി തന്നെ ഈ സംഘത്തിന്റെ പേരിൽ നിന്നാണെന്നും പറയപ്പെടുന്നു.'' (രിസാലവാരിക, 2004-മെയ്- 28 പേജ്: 9)

തസ്വവ്വുഫിന്റെ ആചാര- വിശ്വാസ വൈകൃതങ്ങൾക്ക് സ്വഹാബത്തിന്റെ സംശുദ്ധ ജീവിതത്തിൽ നിന്നും ചരിത്രത്തിൽ നിന്നും തെളിവു കണ്ടെത്തുവാനുള്ള നീക്കത്തിന് യഥാർഥ ചരിത്രത്തിന്റെ പിന്തുണ ലഭ്യമല്ല എന്നതാണ് വസ്തുത. കാരണം, സ്വൂഫികൾ എന്ന് വിളിക്കപ്പെടുന്നവരുടെ രീതികളോടൊന്നും ഏതെങ്കിലും നിലക്ക് സമരസപ്പെടാത്ത തരത്തിൽ സംശുദ്ധമായ തൗഹീദീ ജീവിതാദർശമായിരുന്നു സ്വഹാബത്തിന്റേത്. ഏതാനും സ്വഹാബികൾക്ക് അസ്ഹാബുസ്സുഫ്ഫ എന്ന പേര് ലഭിച്ചത് അവർ സ്വൂഫികളുടെ മന്ത്രജപാദി രീതികളോ വിശ്വാസ വൈകല്യങ്ങളോ ശീലിച്ചിരുന്നതുകൊണ്ടായിരുന്നില്ല. പ്രവാചകാധ്യാപനങ്ങൾക്ക് കാതോർത്തു ജാഗ്രത്തായ മനസ്സും ചിന്തയുമായി വിജ്ഞാനാർജനത്തിനും ക്വുർആൻ പഠനത്തിനുമായി പ്രവാചക സവിധത്തിൽ സദാ ചുറ്റിപ്പറ്റി നിന്നതുകൊണ്ടായിരുന്നു. അവരെ സ്വൂഫികളായി ചിത്രീകരിക്കുന്നത് ആ മഹാപുരുഷൻമാരുടെ സംശുദ്ധ ജീവിതത്തെ അപഹസിക്കുന്നതിനു സമാനമാണ്.

എന്നാൽ സുഫ്ഫത്തിന്റെ ആളുകൾ എന്നറിയപ്പെട്ട സ്വഹാബികൾ, കേവലം അന്തർമുഖരോ ജീവിതയാഥാർഥ്യങ്ങളിൽ നിന്ന് ഓടിയൊളിച്ചവരോ ആയിരുന്നില്ല. അവർ മറ്റു സ്വഹാബികളെ

പ്പോലെ ഉപജീവനത്തിനായ അനുവദനീയമായ തൊഴിലുകളിലും വ്യാപാരങ്ങളിലും ഏർപ്പെടുകയും, തൗഹീദീ ആദർശത്തിന്റെ സംരക്ഷണത്തിനായുള്ള യത്നങ്ങളിൽ സർവാത്മനാ സഹകരിക്കുകയും സായുധ സമരങ്ങളിൽ പങ്കെടുത്തു വിജയംവരിക്കുകയോ രക്തസാക്ഷികളാവുകയോ ചെയ്തുകൊണ്ടിരിക്കയും അങ്ങനെ കർമധീരരായ സത്യവിശ്വാസികളായി ചരിത്രത്തിൽ പ്രതിഷ്ഠ നേടുകയും ചെയ്തവരാണ്. പ്രവാചകാധ്യാപനങ്ങൾക്ക് ഉപരിയായി മതത്തിന്റെയും വിശ്വാസത്തിന്റെയും കാര്യത്തിൽ പുതിയ ചിന്തകളൊന്നും അവർക്കുണ്ടായിരുന്നില്ല. ആരാധനകളിലും ജീവിത സംസ്കാരത്തിലും പ്രവാചകന്റെ അധ്യാപനങ്ങൾമാത്രം പോരെന്ന് അവർക്ക് തോന്നിയിരുന്നില്ല. എന്നാൽ സ്വൂഫികൾ ഇസ്ലാമിന്റെ കാര്യത്തിൽ പ്രവാചകാധ്യാപനങ്ങളെ മറികടന്ന് ചിന്തിക്കുകയും സ്വന്തമായി ചില കർമപദ്ധതികൾ ആവിഷ്കരിക്കുകയും ത്വരീഖത്തുകളുടെ പിറകെപ്പോവുകയും ചെയ്തവരാണ്. ഈ വ്യത്യാസം ചരിത്രത്തിൽ നിന്ന് ഏവർക്കും മനസ്സിലാക്കാൻ പ്രയാസമില്ലാത്തതായിരിക്കേ, സ്വഹാബികളിൽ ചിലരെ സ്വൂഫികളുടെ പൂർവമാതൃകകളായി ചിത്രീകരിച്ചത് തെറ്റാണ്. സ്വൂഫികളുടെ മാർഗം അസ്ഹാബുസ്സുഫ്ഫയുടേതായിരുന്നു എന്ന വാദത്തിന് ഒട്ടും നിലനിൽപില്ല.